# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 15

04.06.2018 — ൽ മറുപടിക്ക്

## ഇ-പോസ് സംവിധാനത്തിന്റെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ വിതരണത്തിനായി സ്ഥാപിച്ച ഇ-പോസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ഇ-പോസ് മെഷീൻ സ്വിച്ച് ഓൺ ചെയ്ത ശേഷം റേഷൻ വ്യാപാരിയോ സെയിൽസ്മാനോ ലോഗിൻ ചെയ്യേണ്ടതുണ്ട്. ആധാർ ആതന്റിക്കേഷൻ മുഖേനയോ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ പാസ്‌വേർഡ് വഴിയോ ലോഗിൻ ചെയ്യാവുന്നതാണ്. ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നല്കുമ്പോൾ കാർഡംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് രേഖപ്പെടുത്തി ആതന്റിക്കേഷൻ നടത്തി യഥാർത്ഥ ഉപഭോക്താവിനു തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്നുറപ്പ് വരുത്താൻ സാധിക്കും. ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ റേഷൻ കാർഡ് ഡാറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് OTP (One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്തു ലഭിക്കും. ഓരോ ട്രാൻസാക്ഷൻ വിവരങ്ങളും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ പ്രദർശിപ്പിക്കുകയും ചെയ്യും. |

നിലവിൽ പൂർണമായും ഓൺലൈൻ സംവിധാനമാണ് ഉപയോഗിച്ചു വരുന്നത്. നെറ്റ്‌വർക്ക് ലഭ്യമാണെങ്കിൽ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ. നെറ്റ്‌വർക്കിനായി ഇപ്പോൾ രണ്ടു മൊബൈൽ സിം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ബി)** | ഇ-പോസ് സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പ്രാവർത്തികമാക്കിയതിന് ശേഷമുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ; | **(ബി)** | ഉണ്ട്. എന്നാൽ ഒരു മൊബൈൽ കണക്റ്റിവിറ്റിയും ലഭ്യമാകാത്ത 31 റേഷൻ കടകളിൽ ഇ-പോസ് മുഖേനയല്ലാതെ മാനുവൽ രീതിയിൽ റേഷൻ വിതരണം നടത്തി വരുന്നുണ്ട്. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയ ശേഷം ഓരോ ട്രാൻസാക്ഷനും തത്സമയം epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. 2018 ഏപ്രിൽ മാസത്തിൽ 79.53% ഗുണഭോക്താക്കൾ ഇ-പോസ് മുഖേന റേഷൻ കൈപ്പറ്റുകയുണ്ടായി. പോർട്ടബിലിറ്റി സംവിധാനം മുഖേന ഏതു റേഷൻ കടയിൽ നിന്നു വേണമെങ്കിലും റേഷൻ വാങ്ങാം എന്നു വന്നു. റേഷൻ കടയിലെ സ്റ്റോക്ക് വിവരം, ഓരോ ട്രാൻസാക്ഷനും സംബന്ധിച്ച വിവരം, ഓരോ ഗുണഭോക്താവും കൈപ്പറ്റിയ വിഹിതം തുടങ്ങിയ വിവരങ്ങൾ തത്സമയം അറിയാൻ കഴിയും എന്നതിലൂടെ റേഷൻ സംവിധാനം കൂടുതൽ സുതാര്യമാക്കാൻ സാധിച്ചിട്ടുണ്ട്. |
| **(സി)** | കാർഡുടമയ്ക്ക് പകരം കുടുംബത്തിലെ മറ്റൊരാൾക്ക് റേഷൻ വാങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | **(സി)** | റേഷൻ കാർഡിലുള്ള ഏതംഗത്തിനും റേഷൻ വാങ്ങാൻ സാധിക്കും. ഇതിനായി മുഴുവൻ കുടുംബാംഗങ്ങളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*